**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 547 10.06.2014 ലെ മറുപടിയ്ക്ക്

**കാരുണ്യ ബെനവലന്റ് ചികിത്സാപദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. മമ്മൂട്ടി :**<br>**ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :**<br>**ശ്രീ. സി. മോയിൻകുട്ടി :**<br>**ശ്രീ. കെ.എൻ.എ. ഖാദർ :** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) കാരുണ്യ ബനവലന്റ് ചികിത്സാ പദ്ധതി കൂടുതൽ വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏത് വിധത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) ഉദ്ദേശിക്കുന്നുണ്ട്. കാരുണ്യ ചികിത്സാ പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിൽ ചികിത്സ തേടുന്നവർക്ക് മാത്രമേ ധനസഹായം നല്കിയിരുന്നുള്ളു. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ പദ്ധതി ഗുണഭോക്താക്കൾക്കു കൂടി ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടെ പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കാഷ്ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ള സർക്കാരിതര ആശുപത്രികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടു വന്നിട്ടുണ്ട്. സംസ്ഥാനത്തെ 68 സർക്കാരിതര ആശുപത്രികളും 28 ഡയാലിസിസ് സെന്ററുകളും പദ്ധതിയിൽ ഇതിനകം അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നീ ചികിത്സകൾക്കാണ് ധനസഹായം നൽകിയിരുന്നത്. പിന്നീട് ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് |

PTO

സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കുകൂടി കാരുണ്യ ബനവലന്റ് പദ്ധതി വഴി ചികിത്സാ ധനസഹായം ഏർപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി പാക്കേജുകളും നിരക്കുകളും അംഗീകരിച്ച് ഗുണഭോക്താക്കൾക്ക് ചികിത്സ നൽകാൻ തയ്യാറായി വരുന്ന കൂടുതൽ സർക്കാരിതര ആശുപത്രികളെ കൂടി വ്യവസ്ഥയനുസരിച്ച് പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതാണ്. നിലവിൽ അക്രഡിറ്റേഷനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നിലവിൽ നൽകിവരുന്ന ധനസഹായത്തിനുപുറമെ വൃക്ക ദാതാവിനുകൂടി ഈ പദ്ധതിയിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ ഹീമോഫീലിയ രോഗികൾക്ക് നിലവിൽ നല്കുന്ന 2 ലക്ഷം രൂപ ചികിത്സാ സഹായത്തിനു പുറമേ ഒരു ലക്ഷം രൂപ കൂടി (മൊത്തം 3 ലക്ഷം രൂപ) അനുവദിക്കുന്ന വിഷയവും സർക്കാരിന്റെ പരിഗണനയിലാണ്.

വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സനൽകാനായി സംസ്ഥാനത്തെ 28 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയിൽ 24 എണ്ണം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

കാരുണ്യ ബനവലന്റ് പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11/07/2013 മുതൽ പൂർണ്ണരീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ

കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കോട്ടയം, തൃശൂർ, മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 27 താലൂക്ക് തല സർക്കാരാശുപത്രികളിലും ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാർ നല്കുന്ന ചിസ്പ്ലസ് ഉൾപ്പെടെയുള്ള എല്ലാ ചികിത്സാ ധനസഹായങ്ങളും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി ധനസഹായത്തിൽ നിന്നും കുറവു ചെയ്യുന്നത് ഒഴിവാക്കിയിട്ടുണ്ട്.

കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സാ ധനസഹായം നല്കാവുന്ന രോഗികൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സ കഴിഞ്ഞതിനുശേഷം തുടർ ചികിത്സയ്ക്കായി ധനസഹായം നല്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഹെൽത്ത് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചിലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഹോമുകളുടെ നിർമ്മാണ പ്രവർത്തന രീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറായി വരുന്നു.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് കാരുണ്യ ഹോം നിർമ്മിക്കുന്നതിന് മെഡിക്കൽ കോളേജുകളുടെ ഉടമസ്ഥതയിലുള്ളതും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സൗകര്യങ്ങളുള്ളതുമായ സ്ഥലം പ്രസ്തുത ആശുപത്രി അധികൃതർ കണ്ടെത്തി കാരുണ്യ ഫണ്ടിലേക്ക് ലഭ്യമാകുന്ന മുറയ്ക്ക് കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിനുംതീരുമാനമെടുത്തിട്ടുണ്ട്.

PTO

| | | | |
|---|---|---|---|
| (ബി) | കാരുണ്യ ലോട്ടറി മുഖേന ഇതേവരെ എന്ത് തുക സമാഹരിക്കാൻ സാധിച്ചു ; എത്ര പേർക്ക് എന്ത് തുക സഹായധനം നൽകാനായി ; | (ബി) | കാരുണ്യ ഭാഗ്യക്കുറി മുഖേന ഇതുവരെ (KR1-(24.09.2011) to KR 141(31.05.2014)) ഏകദേശം 296.57 കോടി രൂപ അറ്റാദായമായി സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. നാളിതുവരെ കാരുണ്യ ചികിത്സാപദ്ധതി പ്രകാരം 36818 രോഗികൾക്കായി വിവിധ സർക്കാർ, സർക്കാരിതര സ്വകാര്യ ആശുപത്രികൾ മുഖേന 387.28 കോടി രൂപ ചികിത്സാധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (സി) | കൂടുതൽ രോഗങ്ങളെ സഹായ പദ്ധതിയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ? | (സി) | കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല സമിതി ഇക്കാര്യം പരിശോധിച്ച് കൂടുതൽ രോഗങ്ങളെ സഹായപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ.

—…—